## വിവരാവകാശനിയമം - 2005 പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ

Date: ..................

From,

...............................................

...............................................

...............................................

...............................................

Ph. ........................................

To,

**State Public Information Officer**

Kerala State Electricity Board Ltd.

Vydyuthi Bhavan

Pattom, Thiruvananthapuram-695004

Ph. 0471-2442125

Email : cmdkseb@kseb.in

**സൂചനകൾ:-**

1. Environment Protection Act. 1986, Sec-15 >> www.ail.art-artist.in >> Section-1 >> Link:4 (a)
2. Noise Pollution (Regulation and Control) Rules, 2000 >> www.ail.art-artist.in >> Section-1 >> Link:4 (b)
3. G.O.(P) No.64/02 dtd.20.4.2002 (S.R.O.No.289/2002) Categorizing different zones to implement Noise Pollution Rules, 2000 >> www.ail.art-artist.in >> Section-1 >> Link:8
4. Conditions for Issue of Loudspeaker License No. U6-30380/2002 dtd.28.11.2002 >> www.ail.art-artist.in >> Section-1 >> Link:9
5. Kerala Police Act, 2011 Section 121 Read with Section 77 >> www.ail.art-artist.in >> Section-1 >> Link:10
6. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷന്റെ ബുക്ക് ലെറ്റ് "SOUND & NOISE" Page-22, 23, 24 >> www.ail.art-artist.in >> Section-1 >> Link:3(a)
7. അമിത ശബ്ദം ബിപി യും ഷുഗറും കൂട്ടും >> www.ail.art-artist.in >> Section-1 >> Link:3(b)
8. Electricity (Rights of Consumers) Rules, 2020 dtd.21.4.2022 >> www.ail.art-artist.in >> Section-1 >> Link:39

- **ഈ കാര്യാലയത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ RTI Act Sec-6(3) പ്രകാരം ലഭ്യമാക്കുക.**
- **വിവരങ്ങൾ എന്റെ Email: ........................................ ൽ കൂടി ലഭ്യമാക്കുക.**
- **Fee Rs.10, https://etreasury.kerala.gov.in ൽ E-Challan GRN : ........................................................ and Dept. Ref. No. : ................................................. dtd. .......................... / Court fee stamp / Postal order ആയി നൽകിയിട്ടുണ്ട്.**

### Noise Pollution (Regulation and Control) Rules, 2000: -

A loudspeaker or a public address system shall not be used except after obtaining written permission from the authority. (അധികാരിയിൽ നിന്ന് രേഖാ മൂലം അനുവാദം വാങ്ങാതെ ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല).

A loudspeaker or a public address system shall not be used at night between 10.00 p.m. to 6.00 a.m. except in closed premises for communication within, e.g. auditoria, conference rooms, community halls and banquet halls. (10pm നും 6am ഇടയ്ക്ക് ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല).

NPR, 2000 No.7131/2008, Para-16, 3. Silence Zone is an area comprising not less than 100 meters around hospitals, educational institutions, courts, religious places, or any other area which is declared as such by the competent authority. (നിശബ്ദമേഖലയുടെ 100 മീറ്റർ ചുറ്റളവിൽ ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല)

1. **KSEB യുടെ ഇലക്ട്രിക് പോസ്റ്റുകളിൽ ഉച്ചഭാഷിണികൾ (Box type / Horn type), വൈദ്യുത അലങ്കാര ദീപങ്ങൾ എന്നിവ കെട്ടിവയ്ക്കുന്നതിന് KSEB അനുമതി നൽകാറുണ്ടെങ്കിൽ അത് ഏത് റൂൾ പ്രകാരമാണെന്ന വിവരം ലഭ്യമാക്കുക.**

2. **വ്യക്തികൾ/സ്ഥാപനങ്ങൾ അവരുടെ ആവശ്യങ്ങൾക്കായി KSEB ഇലക്ട്രിക് പോസ്റ്റുകളിലൂടെ കമ്പികൾ/വയറുകൾ വലിക്കുന്നതിന് KSEB അനുമതി നൽകാറുണ്ടോയെന്ന വിവരം ലഭ്യമാക്കുക.**

    a. ഉണ്ടെങ്കിൽ അത് ഏത് റൂൾ പ്രകാരമാണെന്ന വിവരം ലഭ്യമാക്കുക.

    b. കേബിൾ റ്റി.വി., ഒപ്ടിക്കൽ ഇൻററനെറ്റ് എന്നിവയുടെ വയർ KSEB ഇലക്ട്രിക് പോസ്റ്റുകളിലൂടെ വലിക്കാൻ KSEB അനുമതി നൽകാറുണ്ടോ എന്ന വിവരം ലഭ്യമാക്കുക.

    c. കേബിൾ റ്റി.വി., ഒപ്ടിക്കൽ ഇൻററനെറ്റ് എന്നിവയുടെ കേബിൾ, വൈദ്യുതി പോസ്റ്റുകൾ വഴി കൊണ്ടുപോകുന്നതിന് KSEB ഈടാക്കുന്ന നിരക്ക് എത്രയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുക.

    d. KSEB ഇലക്ട്രിക് പോസ്റ്റ് നിൽക്കുന്ന സ്ഥലത്തിൻറെ ഉടമസ്ഥാവകാശം ആർക്കാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുക.

    e. ഉടമസ്ഥാവകാശത്തെ കുറിച്ച് പ്രതിപാദിക്കുന്ന രേഖകളുടെ CTC ലഭ്യമാക്കുക.

3. **KSEB ഇലക്ട്രിക് പോസ്റ്റുകളിൽ ഉച്ചഭാഷിണികൾ (Box type / Horn type) സ്ഥാപിച്ചതിനെതിരെ 01.01.2023 മുതൽ നാളിതുവരെ ................................................................... ജില്ലാ പരിധിയിലുള്ള ഓഫീസുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എത്രയെണ്ണം എന്ന വിവരം ലഭ്യമാക്കുക.** കൂടാതെ അവയിൽ **(a)** പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചവ, (b) കോടതിയിലേക്ക് അയച്ചവ, (c) പെറ്റികേസ് എടുത്തവ, (d) ശിക്ഷ നടപ്പാക്കാതെ അവസാനിപ്പിച്ചവ എന്നിവയുടെ വിവരം വൈദ്യുതി ഓഫീസും വർഷവും തിരിച്ച് ലഭ്യമാക്കുക.

4. **KSEB ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ച അന്യവസ്തുക്കളുമായി ബന്ധപ്പെട്ട് 01.01.2023 മുതൽ നാളിതുവരെ ................................................ ജില്ലാ പരിധിയിലുള്ള ഓഫീസുകളിൽ സ്വമേധയായും, പാരാതി ലഭിച്ചും എത്ര എണ്ണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുക.** അവയിൽ ഉച്ചഭാഷിണി സ്ഥാപിച്ചത്, പോസ്റ്റിലൂടെ ഇലക്ട്രിക് വയറുകൾ വലിച്ചത്, പോസ്റ്റിൽ വൈദ്യുത അലങ്കാര ദീപങ്ങൾ സ്ഥാപിച്ചത്, പരസ്യ ബോർഡുകൾ സ്ഥാപിച്ചത്, മറ്റ് അന്യവസ്തുക്കൾ സ്ഥാപിച്ചത് എന്നിവ എത്രയെണ്ണം എന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുക.

    a. ഇവയിൽ പോലീസിനു കൈമാറിയ പരാതികളുടെ വിശദാംശങ്ങൾ പൊലീസ് സ്റ്റേഷനും പരാതി നൽകിയ ഇലക്ട്രിസിറ്റി ഓഫീസിന്റെ പേരും സഹിതം ലഭ്യമാക്കുക.

5. **(സൂചന 8 കാണുക) KSEB ഇലക്ട്രിക് പോസ്റ്റുകളിലൂടെ സ്വകാര്യ വൈദ്യുത കേബിളുകളും ഉച്ചഭാഷിണി വയറുകളും വലിക്കുന്നതുകൊണ്ടും, പൊതു ഇടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അനുമതി നേടിയ ജനറേറ്ററുകൾ മൂലവും പൊതുജനങ്ങൾക്ക് അപകടമോ മരണമോ സംഭവിച്ചാൽ അല്ലെങ്കിൽ വൈദ്യുതി വകുപ്പ്/ ഉദ്യോഗസ്ഥന്റെ അനാസ്ഥ കൊണ്ട് വൈദ്യുതി സംബന്ധമായ അപകടത്തിൽ മരണപ്പെട്ടാൽ/അപകടം സംഭവിച്ചാൽ, വൈദ്യുതി വകുപ്പിനെതിരെയോ ഉദ്യോഗസ്ഥർക്കെതിരെയോ ഏത് വകുപ്പ് പ്രകാരമാണ് കേസെടുക്കുക എന്ന വിവരം ലഭ്യമാക്കുക.**

    a. ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാനായി, പരാതി ലഭിച്ചിട്ടും നടപടിയെടുക്കാതെ വകുപ്പിന്റെ അശ്രദ്ധ മൂലമാണ് അപകടം/മരണം ഉണ്ടായതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ എന്ത് പോലീസ് നടപടിയാണ് സ്വീകരിക്കുന്നത് എന്ന വിവരം ലഭ്യമാക്കുക.

    b. അത്തരം കേസുകളിൽ 01.01.2023 മുതൽ ഇന്നുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വൈദ്യുതി ഓഫീസുകളും വർഷവും തിരിച്ച് ലഭ്യമാക്കുക.

6. **(സൂചന 8 കാണുക) ഉത്സവാഘോഷ എഴുന്നള്ളിപ്പുകളുടെ ഭാഗമായി, വൈകുന്നേരം മുതൽ അർദ്ധരാത്രി വരെ പ്രദേശത്തെ മുഴുവൻ വൈദ്യുതി KSEB ഓഫാക്കുന്നത് പതിവാണ്, ഇപ്രകാരം വൈദ്യുതി ഓഫ് ചെയ്യാൻ അനുമതി/സർക്കുലർ/ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.**

   a. ഉത്തരവ് നിലവിലില്ലെങ്കിൽ, 01.01.2023 മുതൽ ഇന്നുവരെ ഇപ്രകാരം അനധികൃതമായി വൈദ്യുതി വിച്ഛേദിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന വിവരവും നടപടി എടുക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ (a) Name, (b) Official Address, (c) PEN, (d) Phone/Mobile No. എന്നിവയും, പരാതിക്ക് കാരണമായ വിവരങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുക.

   b. ഇങ്ങനെ വൈദ്യുതി ഓഫ് ചെയ്തത് കാരണം ഉപഭോക്താക്കൾക്ക് ഉണ്ടായ കഷ്ടനഷ്ടങ്ങൾ കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥ പ്രതിപാദിക്കുന്ന റൂൾ/സർക്കുലർ/ഉത്തരവ് KSEB യ്ക്ക് നിലവിലുണ്ടെങ്കിൽ ആയതിന്റെ CTC ലഭ്യമാക്കുക.

   c. 01.01.2023 മുതൽ നാളിതുവരെ വൈദ്യുതി മന:പ്പൂർവ്വമായി മുടക്കിയതിന് ലഭിച്ച പരാതികളുടെ എണ്ണം, നൽകിയ നഷ്ടപരിഹാരങ്ങളുടെ വിവരം എണ്ണവും തുകയും സഹിതം ലഭ്യമാക്കുക.

7. **മോട്ടോർ വാഹന നിയമപ്രകാരം, ഓരോ വാഹനത്തിനും അനുവദനീയമായ പരിധിയിൽ കൂടുതൽ ഉയരത്തിൽ പരിഷ്കരിച്ച വാഹനങ്ങൾ കൊണ്ടുപോകുന്നത് കുറ്റകരമാണ്, ആരാധനാലയങ്ങളിലെ ആഘോഷങ്ങളുടെ ഭാഗമായി ഇത്തരം നിയമലംഘനം നടത്തുന്ന വാഹനങ്ങൾ കടന്നു പോകുന്നതിനായി ഭരണകൂടത്തിന്റെ പ്രത്യേക അനുമതിയില്ലാതെ, (സൂചന 8 കാണുക) അവശ്യസർവ്വീസ് ആയ വൈദ്യുതി സേവനങ്ങൾ വിച്ഛേദിക്കാൻ KSEB -ക്ക് അനുമതി നൽകുന്ന റൂൾ/സർക്കുലർ/ഉത്തരവ് നിലവിലുണ്ടോ എന്ന വിവരം ലഭ്യമാക്കുക.** ഉണ്ടെങ്കിൽ ആയതിൻറെ CTC ലഭ്യമാക്കുക.

   a. ഉത്തരവ് ഇല്ലെങ്കിൽ ഇങ്ങനെ വൈദ്യുതി ഓഫ് ചെയ്തത് കാരണം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുക.

   b. 01.01.2023 മുതൽ നാളിതുവരെ ഇത്തരത്തിൽ വൈദ്യുതി മന:പ്പൂർവ്വമായി മുടക്കിയതിന് ലഭിച്ച പരാതികളുടെ എണ്ണം, നൽകിയ നഷ്ടപരിഹാരങ്ങളുടെ എണ്ണവും തുകയും സഹിതം ലഭ്യമാക്കുക.

8. **താൽക്കാലികമായോ സ്ഥിരമായോ ജനറേറ്റർ സ്ഥാപിക്കുന്നതിന് KSEB യുടെ അനുമതി ആവശ്യമാണോ എന്നും, ആവശ്യമാനെങ്കിൽ പ്രസ്തുത ഉപകരണങ്ങൾ പരിശോധന നടത്തിയാണോ അനുമതി നൽകുന്നത് എന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുക.**

9. **വീടുകൾ / ബിസിനസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി കണക്ഷൻ എടുത്ത് പൊതു പരിപാടികൾക്കും ഉത്സവാഘോഷങ്ങൾക്കും, വൈദ്യുത അലങ്കാര ദീപങ്ങൾക്കും ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമാണോ എന്ന വിവരം ലഭ്യമാക്കുക.**

   a. ഇത്തരം പ്രവർത്തികൾക്ക് അനുമതി നൽകുന്ന റൂൾ/സർക്കുലർ/ഉത്തരവ് ഉണ്ടെങ്കിൽ ആയതിൻറെ CTC ലഭ്യമാക്കുക.

10. **6, 7, 8, 9 ചോദ്യങ്ങളിലെ വിഷയങ്ങളിൽ അനുമതി ഇല്ലങ്കിൽ ആയതിനെതിരെ സ്വമേധയായും പരാതി ലഭിച്ചും നടപടിയെടുക്കേണ്ട ........................................................................................................ സെക്ഷനിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ (a) Name, (b) Official Address, (c) PEN, (d) Phone/Mobile No. എന്നീ വിവരങ്ങൾ ലഭ്യമാക്കുക.**

**ഒപ്പ്** .....................................................